"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ആറ്റിപ്ര സോണൽ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധന-ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1857/2024/LSGD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.08.2020തീയതിയിലെ ഇ20(എസ്.സി. 25/2019/ എസ്.ഐ.യു-2)13233/2020 നമ്പർ കത്ത്.
2. 08.05.2021തീയതിയിലെ ഇയു2-82/2021-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. പ്രിൻസിപ്പൽഡയറക്ടറുടെ 06.03.2024തീയതിയിലെ LSGD/PD/2732/2023-VIGA2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ആറ്റിപ്ര സോണൽ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനാറിപ്പോർട്ട് പ്രകാരം, ബിൽഡിംഗ് പെർമിറ്റിനായി 01.01.2019 മുതൽ 07.11.2019 വരെ 281 പേരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 41 പേരുടെ ഫയലുകളിന്മേൽ എടുത്ത നടപടികളുടെ വിവരം രേഖപ്പെടുത്തി കാണുന്നില്ലായെന്നും ഇതിൽ 4 ഫയലുകളും, രജിസ്റ്ററിൽ തീർപ്പാക്കിയതായി രേഖപ്പെടുത്തിയ 2 ഫയലുകളും, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കാതെ കൈവശം വെച്ചതായും, ഒക്യുപെൻസി സർട്ടിഫിക്കറ്റിനു ലഭിച്ച 34 അപേക്ഷകരുടെ ഫയലുകളിൽ 28 എണ്ണം മിന്നൽ പരിശോധനാ സമയം ഹാജരാക്കാൻ കഴിഞ്ഞിരുന്നില്ലായെന്നും കൂടാതെ സെക്ഷൻ ക്ലാർക്ക് കർശനമായും പരിപാലിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതായും ആയതിന് ടി നഗരസഭയിലെ ZAE സെക്ഷൻ ക്ലാർക്ക് ശ്രീ.മണികണ്ഠൻ ഉത്തരവാദിയാണെന്നും കണ്ടെത്തിയിരുന്നു. കൂടാതെ ടി ഓഫീസിലെ റവന്യൂ ഓഫീസർ ഇൻ ചാർജ്ജ് ആയിരുന്ന ശ്രീമതി. ഡി.സുമതി അറ്റൻഡൻസ് രജിസ്റ്ററിൽ സ്വന്തം ഹാജർ രേഖപ്പെടുത്താത്തതായും, ഹാജർ രേഖപ്പെടുത്താത്തവരെക്കുറിച്ച് തൃപ്തികരമായ മറുപടി നൽകാതിരുന്നതായും, ടിയാളുടെ മേൽനോട്ടത്തിലുള്ള രജിസ്റ്ററുകൾ കൃത്യമായി maintain ചെയ്യാത്തതായും കണ്ടെത്തിയിരുന്നു. പ്രസ്തുത കണ്ടെത്തലിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ

ശുപാർശചെയ്തതനുസരിച്ച്, തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ആഫീസിലെ സെക്ഷൻ ക്ലാർക്ക് ശ്രീ.മണികണ്ഠൻ.എ, റവന്യൂ ഇൻസ്പെക്ടർ(ഇൻ ചാർജ്ജ്) ശ്രീമതി ഡി. സുമതി എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.മണികണ്ഠൻ, ശ്രീമതി ഡി. സുമതി എന്നിവർ സമർപ്പിച്ച എതിർവാദപത്രികയിൻമേൽ തദ്ദേശസ്വയംഭരണവകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായറിപ്പോർട്ട് പ്രകാരം, 07/12/2019-ന് വിജിലൻസ് പരിശോധന നടത്തുന്ന വേളയിൽ അറ്റൻഡൻസ് രജിസ്റ്ററിൽ സ്വന്തം ഹാജർ രേഖപ്പെടുത്തിയില്ല, ഹാജർ രേഖപ്പെടുത്താത്തവരെക്കുറിച്ച് തൃപ്തികരമായ വിശദീകരണം നൽകിയില്ല, മേൽനോട്ടത്തിലുള്ള രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല എന്നീ വിജിലൻസ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക്, ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സയിൽ ആയിരുന്നതായും പേസ് മേക്കർ ഘടിപ്പിച്ചിരുന്നതായും പരിശോധനാ ദിവസം രാവിലെ ഫിസിയോതെറാപ്പി ചെയ്യുന്നതിനായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകേണ്ടി വന്നതിനാൽ വൈകിയാണ് ഓഫീസിൽ എത്തിയതെന്നും, മനപൂർവം ഹാജർ രേഖപ്പെടുത്താതിരുന്നതല്ലെന്നും റവന്യൂ ഇൻസ്പെക്ടർ (ഇൻ ചാർജ്) ശ്രീമതി ഡി. സുമതി വിശദീകരണം നൽകിയിട്ടുണ്ട് എന്നും, ശ്രീമതി ഡി. സുമതിയുടെ വിശദീകരണത്തോടൊപ്പം ഹാജരാക്കിയിട്ടുള്ള ഒ.പി. ടിക്കറ്റിന്റെ പകർപ്പിൽ നിന്നും ചികിത്സയിൽ ആയിരുന്നുവെന്ന് മനസിലാക്കുന്നതായും അറിയിക്കുന്നു. ടിയാൾ 30/10/2021-ൽ മരണപ്പെട്ടതായി അറിയുന്നതിനാൽ ടി വിഷയത്തിൽ വിശദ അന്വേഷണത്തിന് കഴിയാത്ത അവസ്ഥയാണ് എന്നും, ടിയാൾ മരണപ്പെട്ട സാഹചര്യത്തിൽ ടിയാൾക്ക് എതിരായ അച്ചടക്കനടപടി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് ശുപാർശചെയ്തിരുന്നു.

3. ബിൽഡിംഗ് പെർമിറ്റിനായി 01/01/2019 മുതൽ 07.11.2019 വരെ 281 പേരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 41 പേരുടെ ഫയലുകളിന്മേൽ എടുത്ത നടപടികളുടെ വിവരം രേഖപ്പെടുത്തി കാണുന്നില്ല, ഇതിൽ നാലു ഫയലുകളും രജിസ്റ്ററിൽ തീർപ്പാക്കിയതായി രേഖപ്പെടുത്തിയ 2 ഫയലുകളും നിർദിഷ്ട സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കാതെ കൈവശം വെച്ചിരുന്നു, ഒക്യുപെൻസി സർട്ടിഫിക്കറ്റിന് ലഭിച്ച 34 അപേക്ഷകരുടെ ഹയലുകളിൽ 28 എണ്ണം മിന്നൽ പരിശോധനാ സമയം ഹാജരാക്കാൻ കഴിഞ്ഞില്ല, സെക്ഷൻ ക്ലാർക്ക് കർശനമായും പരിപാലിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല എന്നീ ആരോപണങ്ങൾക്ക് ശ്രീ.മണികണ്ഠൻ സമർപ്പിച്ച വിശദീകരണം പ്രകാരം, താൻ ചാർജെടുക്കുന്നത് 23/11/2019-ൽ ആണെന്നും വിജിലൻസ് മിന്നൽ പരിശോധന നടത്തിയത് 07/12/2019-ൽ ആണെന്നും കുറ്റാരോപണ മെമ്മോയിൽ പറയുന്ന ഫയലുകൾ ടിയാൻ ചാർജ്ജ് എടുക്കുന്നതിന് മുമ്പുള്ള ഫയലുകളാണെന്നും അറിയിച്ചിട്ടുണ്ട് എന്നും മുൻപ് ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്കായ ശ്രീ. സുബാഷ് റവന്യൂ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ച് കുന്നംകുളം നഗരസഭയിലേക്ക് സ്ഥലംമാറി പോയതിനെ തുടർന്ന് 4 മാസം ടി സെക്ഷന്റെ ചുമതല താൽക്കാലികമായി മറ്റൊരു സെക്ഷൻ ക്ലാർക്കിനായിരുന്നു നൽകിയിരുന്നത് എന്നും, അത്യാവശ്യ ഫയലുകൾ മാത്രമാണ് കൈകാര്യം ചെയ്യാൻ കഴിഞ്ഞിരുന്നത് എന്നും, അപ്പോഴാണ് ടിയാൻ ടി സെക്ഷനിൽ ചാർജ്ജ് എടുത്തത് എന്നും വിശദീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ ചാർജ് എടുത്ത് 14 ദിവസം മാത്രമായപ്പോഴാണ് വിജിലൻസ് മിന്നൽ പരിശോധന നടത്തിയിട്ടുള്ളത് എന്നും, ചുരുങ്ങിയ കാലയളവിനുള്ളിൽ

ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തി രജിസ്റ്ററിൽ ചേർക്കുക എന്നത് സമയപരിമിതിമൂലം നടന്നില്ലെന്നും, പരിശോധനാ സമയത്ത് പ്രസ്തുത ഫയലുകൾ നടപടിക്രമങ്ങളുടെ ഭാഗമായി മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചിരുന്നതാണെന്നും വിശദീകരണം നൽകിയിട്ടുണ്ട്. തുടർന്ന് ഫയലുകളിൽ മേലുദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ, തീരുമാനങ്ങൾ ലഭിക്കുകയും പ്രസ്തുത ഫയലുകൾ പേഴ്സണൽ രജിസ്റ്ററിൽ ചേർത്ത് പേഴ്സണൽ രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടുള്ളതായും വിശദീകരണം നൽകിയിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ശ്രീ.മണികണ്ഠന്റെ വിശദീകരണത്തിന്മേൽ അന്വേഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ആറ്റിപ്ര സോണൽ ഓഫീസിൽ നടത്തിയ പരിശോധനയിൽ കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള 41 പേരുടെ ഫയലുകളിന്മേലും എടുത്ത നടപടികളുടെ വിവരങ്ങൾ, രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കണ്ടുവെന്നും, മിന്നൽ പരിശോധന സമയത്ത് ഹാജരാക്കാതിരുന്ന ഫയലുകളിൽ 3 എണ്ണം അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാക്കിയിരുന്നതായും, പേഴ്സണൽ രജിസ്റ്റർ മുഴുവനും കാലികമാക്കിയിട്ടില്ലായെന്നും മറ്റ് ഫയലുകൾ പരിശോധനയ്ക്കായി അന്വേഷണ ഉദ്യോഗസ്ഥന് സമർപ്പിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 01/01/2019 മുതൽ 04/09/2019 വരെ ശ്രീ.സുബാഷ് എന്നവരും 04/09/2019 മുതൽ 20/11/2019 വരെ ശ്രീ.ഗോപകുമാർ കെ.പി. (അഡീഷണൽ ചാർജ്ജ്)എന്നവരും 21/11/2019 മുതൽ 11/07/2023 വരെയുള്ള കാലയളവിൽ ശ്രീ മണികണ്ഠൻ.എ എന്നവരും ആറ്റിപ്ര സോണൽ ഓഫീസിലെ എഞ്ചിനീയറിങ് വിഭാഗം കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ലർക്കുമാരാണ് എന്നുള്ള വിവരം ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിക്കുകയുണ്ടായി. പ്രസ്തുത അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് ശ്രീ.മണികണ്ഠന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം, വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ/പത്രികയിന്മേലുള്ള മറുപടി, ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ എന്നിവ പ്രകാരം പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ശ്രീ. മണികണ്ഠൻ എന്ന സെക്ഷൻ ക്ലാർക്ക്, ഫയലുകൾ അന്വേഷണ സമയത്തു കണ്ടെത്തി നൽകുന്നതിലും പേഴ്സണൽ രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട് എന്നും ടിയാൻ പ്രസ്തുത സീറ്റിൽ ചാർജ്ജെടുത്തിട്ട് 14 ദിവസം മാത്രമാണ് ആയിരുന്നതിനാലും, അതിനു മുൻപ് മറ്റൊരു ക്ലർക്കിനു 4 മാസത്തെ താത്കാലിക ചുമതല നൽകിയിരുന്നു എന്നതിനാലും സീറ്റിലെ ജോലികൾ കൃത്യമായിരുന്നില്ലായെന്നും വ്യക്തമാകുന്നു. ജില്ലാ ജോയിന്റ് ഡയറക്ടർ തുടർന്നുള്ള പരിശാധന നടത്തിയപ്പോൾ വിജിലൻസ് റിപ്പോർട്ട് പ്രകാരം ഉള്ള ഫയലുകളിൽ ഏറെയും രെജിസ്റ്ററിൽ ചേർത്തിട്ടുള്ളതായി ബോധ്യപ്പെടുകയുമുണ്ടായി.

6. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ആറ്റിപ്ര സോണൽ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകളുടെയടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ആഫീസിലെ സെക്ഷൻ ക്ലാർക്ക് ശ്രീ.മണികണ്ഠൻ, റവന്യൂ ഇൻസ്പെക്ടർ,(ഇൻ ചാർജ്ജ്) ശ്രീമതി ഡി. സുമതി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി, 30/10/2021-ൽ മരണപ്പെട്ട റവന്യൂ ഇൻസ്പെക്ടർ (ഇൻ ചാർജ്) ശ്രീമതി ഡി. സുമതിയ്ക്കെതിരായ തുടർനടപടികൾ ഒഴിവാക്കിയും,

സെക്ഷൻ ക്ലാർക്ക് ശ്രീ. മണികണ്ഠന് Censure(ശാസന) നൽകിയും, അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. മണികണ്ഠൻ.എ, സെക്ഷൻ ക്ലാർക്ക്, ആറ്റിപ്ര സോണൽ ആഫീസ്, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 07-10-2024 11:57:10